**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5871** **25-03-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കെ-സ്വിഫ്റ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭകർക്കായുള്ള കെ-സ്വിഫ്റ്റ് പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സർക്കാരിന്റെ വിവിധ വകുപ്പുകൾ/ ഏജൻസികൾ, വ്യവസായ സംരംഭങ്ങൾക്ക് നല്കുന്ന വിവിധ അനുമതികൾ ഒറ്റത്തവണ രജിസ്ട്രേഷനിലൂടെ നേടിയെടുക്കുന്നതിനായി കെ-സ്വിഫ്റ്റിലൂടെ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങളും, 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ സുഗമമാക്കൽ നിയമത്തിന്റെ കീഴിലുള്ള തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം സ്വന്തമാക്കി വ്യവസായം ആരംഭിക്കുന്നവരുടെ വിവരങ്ങളുമാണ് കെ-സ്വിഫ്റ്റിൽ മാപ്പ് ചെയ്യപ്പെടുന്നത്.<br><br>എന്നാൽ മേൽപറഞ്ഞ അനുമതികൾ / സാക്ഷ്യപത്രം എന്നിവയ്ക്കായി ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയല്ല, മറിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയാണ് നിലവിൽ ശ്രേണികരിച്ചിരിക്കുന്നത്. ആയതിനാൽ, വൈപ്പിൻ നിയോജക മണ്ഡലത്തിന് കീഴിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ, കെ-സ്വിഫ്റ്റിൽ ലഭിച്ച അപേക്ഷകളുടെ എണ്ണവും അവയിന്മേൽ സ്വീകരിച്ച നടപടികളും അനുബന്ധം - 1 ആയി ചേർക്കുന്നു.<br><br>2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ സുഗമമാക്കൽ നിയമത്തിന്റെ കീഴിൽ, ഇതുവരെ നല്കിയ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങളുടെ വിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (ബി) | എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കാമോ? | (ബി) | (എ) പിരിവിനുള്ള മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ

അനുബന്ധം – I

## വിവിധ വകുപ്പുകൾ / ഏജൻസികൾ എന്നിവയുടെ അനുമതികൾക്കായി കെ-സ്വിഫ്റ്റിലൂടെ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ

| Local Body | Approved | Rejected | Clarification Pending with Applicant | Under Progress | Grand Total |
|---|---|---|---|---|---|
| Edavanakkad,Grama Panchayath | 1 | | | | 1 |
| Elamkunnapuzha,Grama Panchayath | 2 | 1 | 1 | | 4 |
| Kuzhuppilly,Grama Panchayath | 1 | | | 1 | 2 |
| Mulavukad,Grama Panchayath | 1 | 1 | 1 | | 3 |
| Nayarambalam,Grama Panchayath | 1 | 1 | | | 2 |
| Njarakkal,Grama Panchayath | 2 | | 1 | | 3 |
| Pallippuram,Grama Panchayath | | 1 | | | 1 |
| Grand Total | 8 | 4 | 3 | 1 | 16 |

Hari
അണ്ടർ സെക്രട്ടറി

അനുബന്ധം - II

**വ്യവസായം ആരംഭിക്കുന്നതിനായി 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ സുഗമമാക്കൽ നിയമത്തിന്റെ കീഴിൽ, ഇതുവരെ നല്കിയ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങളുടെ വിവരങ്ങൾ.**

| Local Body | No of Certificates of In Principle Approval Issued |
|---|---|
| Edavanakkad, Grama Panchayath | 39 |
| Elamkunnapuzha, Grama Panchayath | 92 |
| Kadamakkudy, Grama Panchayath | 12 |
| Kuzhuppilly, Grama Panchayath | 25 |
| Mulavukad, Grama Panchayath | 31 |
| Nayarambalam, Grama Panchayath | 34 |
| Njarakkal, Grama Panchayath | 49 |
| Pallippuram, Grama Panchayath | 115 |
| **Grand Total** | **397** |

Hari
സെക്ഷൻ ഓഫീസർ